"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

## സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ്- കേരള മുനിസിപ്പൽ കോമൺ സർവ്വീസ്- കൊച്ചി കോർപ്പറേഷൻ തേവര ഹെൽത്ത് ഇൻസ്പെക്ടർ ഓഫീസിൽ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ നടത്തിയ മിന്നൽ പരിശോധന- ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ശ്രീ.ജെ.മധു ഗോപാലിനെതിരായി ആരംഭിച്ച അച്ചടക്ക നടപടി - തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ(ഇയു) വകുപ്പ്

സ.ഉ.(സാധാ) നം.58/2023/LSGD തീയതി,തിരുവനന്തപുരം, 09-01-2023

---

പരാമർശം:-

1. വിജിലൻസ് &ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 07.11.2015 തീയതിയിലെ ഇ7(എസ്.സി.60/2015/ഇ.കെ.എം) 25150/2015 നമ്പർ കത്ത്
2. 06.06.2017തീയതിയിലെ ഇയു2-138/2016-തസ്വഭവ നമ്പർ കുറ്റാരോപണമെമ്മോ
3. നഗരകാര്യ ഡയറക്ടറുടെ 19.01.2022 തീയതിയിലെ വി3- 14960/2017 നമ്പർ കത്ത്.

## ഉത്തരവ്

കൊച്ചി കോർപ്പറേഷൻ തേവര മാർക്കറ്റിന് സമീപമുള്ള ഹെൽത്ത് ഇൻസ്പെക്ടർ ഓഫീസിലെ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ശ്രീ.മധു ഗോപാൽ കൈക്കൂലി ആവശ്യപ്പെട്ട് ഫയലുകൾ പിടിച്ചുവച്ച് കാലതാമസം വരുത്തുന്നത് സംബന്ധിച്ച പരാതിയിൽ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോയുടെ എറണാകുളം യൂണിറ്റ്, 22/07/2015 ൽ തേവര ഹെൽത്ത് ഇൻസ്പെക്ടർ ഓഫീസിൽ നടത്തിയ മിന്നൽ പരിശോധനയിൽ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ തസ്തികയിൽ സേവനമനുഷ്ഠിച്ചിരുന്ന ശ്രീ.മധുഗോപാൽ ജെ-യുടെ കൈവശം 18 ഓളം ഡി & ഒ ലൈസൻസുകൾ ഹെൽത്ത് ഇൻസ്പെക്ടർ ഒപ്പിട്ടിട്ടും കൊച്ചി നഗരസഭ ഹെൽത്ത് ഓഫീസറെകൊണ്ട് ഒപ്പിടീക്കാതെ വച്ചിട്ടുള്ളതായി കാണപ്പെട്ടിരുന്നതായും കൂടാതെ ശ്രീമതി.എം.സിന്ധുവിന്റെ ഉടമസ്ഥതയിലുള്ള ഐശ്വര്യ ജനറൽ ട്രെയ്ഡിംഗ് ആന്റ് ഏജൻസി എന്ന സ്ഥാപനത്തിന്റെ ഡി & ഒ ലൈസൻസ് ഒരു മാസത്തിനുള്ളിൽ കിട്ടുന്നതിനായി ടിയാരി അധികമായി 2000/- രൂപ അടച്ചിട്ടും 43 ദിവസമായിട്ടും വിതരണം ചെയ്തിട്ടില്ലായെന്നും കണ്ടെത്തിയിരുന്നു. പ്രസ്തുത ക്രമക്കേടുകൾക്ക് ശ്രീ.ജെ.മധുഗോപാലിനെതിരെ അച്ചടക്കനടപടി സ്വീകരിച്ചതിന്റെ ഭാഗമായി പരാമർശം (2) പ്രകാരം കുറ്റാരോപണമെമ്മോ/പത്രിക നൽകിയിരുന്നു.

2. കുറ്റാരോപണമെമ്മോ/പത്രികയ്ക്ക്; തേവര ഹെൽത്ത് ഇൻസ്പെക്ടർ ഓഫീസിൽ വിവിധ വാർഡുകളിലെ ഡി & ഒ ലൈസൻസ് തയ്യാറാക്കുന്നതിന് ഒരേ കാലയളവിൽ ഒന്നിലധികം

ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാർ ഒരു സർട്ടിഫിക്കറ്റ് ബുക്കാണ് ഉപയോഗിച്ച് വന്നിരുന്നതെന്നും ആയതിനാൽ ഹെൽത്ത് ഓഫീസറുടെ ഓഫീസിൽ ഒരു ദിവസം ഒന്നിലധികം ഡി & ഒ ലൈസൻസ് ബുക്ക് ഒപ്പിട്ടുവിക്കുന്നതിനായി സൂക്ഷിക്കുന്നതിന് പ്രായോഗിക ബുദ്ധിമുട്ടുണ്ടെന്നും ശ്രീ.ജെ.മധുഗോപാൽ മറുപടി സമർപ്പിച്ചിരുന്നു. ശ്രീ.ജെ.മധുഗോപാൽ യഥാസമയം തയ്യാറാക്കി സമർപ്പിച്ച പതിനെട്ടോളം ഡി & ഒ ലൈസൻസ് സർട്ടിഫിക്കറ്റുകൾ തേവര ഹെൽത്ത് ഇൻസ്പെക്ടർ ഓഫീസ് അധികാരിയായ ഹെൽത്ത് ഇൻസ്പെക്ടർ അദ്ദേഹത്തിന്റെ ഒപ്പ് രേഖപ്പെടുത്തി തേവര ഓഫീസിൽ നിന്നും ഏകദേശം 5 കിലോമീറ്റർ ദൂരത്തിൽ സ്ഥിതി ചെയ്യുന്ന കൊച്ചി നഗരസഭ ഓഫീസിലുള്ള ഹെൽത്ത് ഓഫീസറുടെ കയ്യൊപ്പ് വാങ്ങുന്നതിനായി തേവര ഓഫീസിലെ ഓഫീസ് അറ്റൻഡന്റ് മുഖേന കൊടുത്തയച്ചിട്ടുള്ളതായും 22/05/2015 ന് മുൻപുള്ള പ്രവർത്തി ദിവസം തേവര ഓഫീസ് അറ്റൻഡന്റ് ഹെൽത്ത് ഓഫീസറുടെ ഓഫീസിൽ എത്തിയപ്പോൾ അദ്ദേഹത്തിൽ നിന്നും ഡി & ഒ ലൈസൻസുകളിൽ കയ്യൊപ്പ് വാങ്ങാൻ കഴിയാതെ തിരികെ തേവര ഹെൽത്ത് ഇൻസ്പെക്ടർ ഓഫീസിൽ കൊണ്ട് വന്ന് സൂക്ഷിച്ചിരുന്നതായും ശ്രീ.ജെ.മധുഗോപാലിന്റെ മറുപടിയിൽ പറയുന്നു. എല്ലാ ദിവസവും ഉദ്ദേശം 12 മണിയോടടുത്ത് തേവര ഓഫീസിലെ ഓഫീസ് അറ്റൻഡന്റ് ഡി & ഒ ലൈസൻസിൽ കൊച്ചി നഗരസഭ ഓഫീസിലെ ഹെൽത്ത് ഓഫീസറുടെ കയ്യൊപ്പ് വാങ്ങുന്നതിനും മറ്റ് ഓഫീസ് ആവശ്യങ്ങൾക്കുമായി പോകുന്നതെന്നും കൂടാതെ ഹെൽത്ത് ഇൻസ്പെക്ടറും ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാരും രാവിലെ 7 മണിക്ക് ഓഫീസിൽ ഹാജരാകുന്നതെന്നും തൊഴിലാളികളുടെ മസ്റ്റർ രേഖപ്പെടുത്തികഴിഞ്ഞ് തൊഴിലാളികളെ ജോലിക്ക് നിയോഗിച്ച ശേഷം സൈറ്റിൽ പരിശോധന നടത്തി ടിയാൻമാർ ഓഫീസിൽ 10 മണിക്കാണ് എത്തുന്നതെന്നും 22/05/2015 ൽ ഓഫീസ് അറ്റൻഡന്റ് 18 ഡി & ഒ ലൈസൻസുകൾ അടങ്ങിയ സർട്ടിഫിക്കറ്റ് ബുക്ക് കൊച്ചി നഗരസഭയിലെ ഹെൽത്ത് ഓഫീസറുടെ കയ്യൊപ്പ് വാങ്ങുന്നതിനുവേണ്ടി മെയിൻ ഓഫീസിലേക്ക് കൊണ്ടുപോകുന്നതിനായി എടുത്തപ്പോൾ അവിചാരിതമായി ടിയാന്റെ മേശപ്പുറത്ത് വച്ചിട്ടുള്ളതാണെന്നും ആയതിനാൽ ടിയാൻ അറിഞ്ഞോ അറിയാതെയോ യാതൊരു കുറ്റവും ചെയ്തിട്ടില്ലാത്തതിനാൽ നടപടിയിൽ നിന്നും ഒഴിവാക്കണമെന്നും ശ്രീ.ജെ.മധുഗോപാൽ മറുപടി സമർപ്പിച്ചിരുന്നു.

3. ഇക്കാര്യത്തിൽ കൊച്ചി നഗരകാര്യ മേഖലാ ജോയിന്റ് ഡയറക്ടർ സമർപ്പിച്ച റിപ്പോർട്ട് പ്രകാരം വിജിലൻസ് റിപ്പോർട്ടിൽ പരാമർശിച്ചിരുന്ന 18 അപേക്ഷയിൽ 4 എണ്ണം 17/07/2015 ലും ബാക്കി 14 എണ്ണം 21/07/2015 ലും ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഒപ്പിട്ട് ഹെൽത്ത് ഇൻസ്പെക്ടർമാർക്ക് സമർപ്പിച്ചിട്ടുള്ളതായും ഹെൽത്ത് ഇൻസ്പെക്ടർ അതേ ദിവസം തന്നെ അംഗീകരിച്ചിട്ടുള്ളതാണെന്നും ഹെൽത്ത് ഇൻസ്പെക്ടർ അംഗീകരിച്ച അപേക്ഷകൾ ശുപാർശ സഹിതം മെയിൻ ഓഫീസിലെ ഹെൽത്ത് സൂപ്പർവൈസറുടെ അംഗീകാരത്തിനായി ഓഫീസ് അറ്റൻഡന്റ് വശം കൊടുത്ത് വിടുന്നത് ഹെൽത്ത് ഇൻസ്പെക്ടറാണെന്നും കൊച്ചി മേഖലാ ജോയിന്റ് ഡയറക്ടർ റിപ്പോർട്ട് ചെയ്യുന്നു. ആഴ്ചയിൽ രണ്ടോ മൂന്നോ ദിവസം കൂടുമ്പോൾ ഒരുമിച്ചാണ് ഹെൽത്ത് സൂപ്പർവൈസറുടെ അംഗീകാരത്തിനായി അപേക്ഷകൾ കൊടുത്തുവിടുന്നതെന്ന് ഹെൽത്ത് ഇൻസ്പെക്ടറായ ശ്രീ.മധുസൂദനൻ പിള്ളയുടെ മറുപടിയിൽ നിന്നും വ്യക്തമാണെന്നും കൂടാതെ വിജിലൻസ് പരിശോധനയ്ക്ക് എത്തിയ ദിവസം ഹെൽത്ത് സൂപ്പർവൈസറുടെ അംഗീകാരത്തിനായി അയക്കാതിരുന്ന അപേക്ഷകൾ ഒപ്പിടീക്കുന്നതിനായി ഓഫീസ് അറ്റൻഡന്റ് ആയിരുന്ന ശ്രീ.ഷിബു സി.എസ് ഹെൽത്ത് ഓഫീസറെ ഏൽപ്പിച്ചിരുന്നതായും, രേഖകൾ സൂക്ഷിക്കുന്നതിന് സൗകര്യമില്ലാത്തതിനാലാണ് ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ശ്രീ.ജെ.മധുഗോപാലിന്റെ മേശപ്പുറത്ത് വച്ചിട്ടുള്ളതെന്നും ഓഫീസ്

അറ്റൻഡന്റ് ശ്രീ.ഷിബു.സി.എസ് മൊഴിയിൽ പറയുന്നതായും കൊച്ചി നഗരകാര്യ മേഖലാ ജോയിന്റ് ഡയറക്ടർ റിപ്പോർട്ട് ചെയ്യുന്നു.

4. ശ്രീമതി.സിന്ധു എന്നയാളുടെ ഡി & ഒ ലൈസൻസിനായുള്ള അപേക്ഷയിൽ ലൈസൻസ് കിട്ടുവാനായി ടിയാരി അധിക ചാർജ്ജ് അടച്ചിട്ടുണ്ടായിരുന്നു. എന്നാൽ ഹെൽത്ത് സൂപ്പർവൈസറുടെ ബന്ധു ആശുപത്രിയിൽ ആയതിനാൽ ഹെൽത്ത് സൂപ്പർവൈസർ ഓഫീസിൽ ഇല്ലാതിരുന്നിട്ടും സർട്ടിഫിക്കറ്റ് നൽകേണ്ടതിനാൽ ഹെൽത്ത് സൂപ്പർവൈസറുമായി ടെലഫോണിൽ ബന്ധപ്പെട്ടതിനെ തുടർന്ന് ആവശ്യമുള്ള സർട്ടിഫിക്കറ്റ് ഹോസ്പിറ്റലിൽ കൊണ്ട് പോകുന്നതിനും ബാക്കിയുള്ളവ പിറ്റേ ദിവസം കൊണ്ടുവരാനുമായിരുന്നു ഹെൽത്ത് സൂപ്പർവൈസറുടെ നിർദ്ദേശം. ശ്രീമതി.സിന്ധുവിന്റെ സർട്ടിഫിക്കറ്റ് ഓഫീസ് അറ്റൻഡന്റ് ശ്രീ.ഷിബു സി.എസ് മെയിൻ ഓഫീസിൽ കൊണ്ടുപോയി ഒപ്പിടീച്ചതായും ആയത് അപേക്ഷകന് കൊടുക്കേണ്ടിയിരുന്നത് ഓഫീസ് അറ്റൻഡന്റിന്റെ ചുമതലയാണെന്നും ശ്രീ.ഷിബു മൊഴി നൽകിയിട്ടുള്ളതായും കൊച്ചി മേഖലാ ജോയിന്റ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിരിക്കുന്നു.

5. 21/07/2015 ന് ഹെൽത്ത് സൂപ്പർവൈസർ ഇല്ലാതിരുന്നതുകൊണ്ടാണ് അപേക്ഷയിൽ ഹെൽത്ത് സൂപ്പർവൈസറുടെ അംഗീകാരത്തിനായിട്ടുള്ള പ്രക്രിയയിൽ കാലതാമസം നേരിട്ടതെന്ന് ജെ.മധുഗോപാലിന്റെയും, സി.എസ്.ഷിബുവിന്റെയും മൊഴിയിൽ നിന്നും വ്യക്തമാണെന്നും വിജിലൻസ് അന്വേഷണ സമയത്ത് തേവര ഹെൽത്ത് സർക്കിളിൽ ഡി & ഒ ലൈസൻസ് വിതരണം താമസിപ്പിച്ചത് മധുഗോപാൽ മനഃപൂർവ്വമല്ലെന്ന് മേൽ രേഖകളിൽ നിന്നും/റിപ്പോർട്ടിൽ നിന്നും ബോധ്യപ്പെടാവുന്നതാണെന്നും കൊച്ചി മേഖലാ ജോയിന്റ് ഡയറക്ടറുടെ റിപ്പോർട്ടിൽ വ്യക്തമാക്കിയിട്ടുണ്ട്. വിജിലൻസ് അന്വേഷണ ദിവസം അവിടെ കണ്ടെത്തിയതിൽ 17/07/2015 തീയതി തയ്യാറാക്കി ഹെൽത്ത് ഇൻസ്പെക്ടർ ഒപ്പിട്ട നാല് സർട്ടിഫിക്കറ്റിൽ 52, 53, 54 എന്നീ 3 സർട്ടിഫിക്കറ്റുകൾ തയ്യാറാക്കിയിരുന്നത് ശ്രീ.സുമേഷ് വി.വി. ആണെന്ന് ഹെൽത്ത് ഇൻസ്പെക്ടർ സാക്ഷ്യപ്പെടുത്തിയതായും കൂടാതെ 21-ാം തീയതി തയ്യാറാക്കിയ 14 സർട്ടിഫിക്കറ്റുകളും 22/07/2015 ൽ തയ്യാറാക്കിയ ഒരു സർട്ടിഫിക്കറ്റും ഹെൽത്ത് ഇൻസ്പെക്ടറെകൊണ്ട് ഒപ്പിട്ടുവിച്ച് നൽകാത്തത് ശ്രീ.ജെ.മധുഗോപാലിന്റെ മാത്രം കൃത്യവിലോപമായി കാണുവാൻ സാധിക്കാത്തതാണെന്നും കൊച്ചി മേഖലാ ജോയിന്റ് ഡയറക്ടർ റിപ്പോർട്ട് ചെയ്യുന്നു.

6. നഗരകാര്യഡയറക്ടറുടെ ഇക്കാര്യത്തിലുള്ള റിപ്പോർട്ട് പ്രകാരം കൊച്ചി നഗരകാര്യ മേഖലാ ജോയിന്റ് ഡയറക്ടർ സമർപ്പിച്ച റിപ്പോർട്ടിൽ ശ്രീ.മധുഗോപാൽ മനഃപൂർവ്വമായി ഔദ്യോഗിക കൃത്യനിർവ്വഹണത്തിൽ വീഴ്ച വരുത്തിയതായി കാണാത്തതിനാലും ടിയാൻ 31/05/2021 തീയതി സേവനത്തിൽ നിന്നും വിരമിച്ചത് പരിഗണിച്ചും ടിയാനെതിരെ ആരംഭിച്ച അച്ചടക്കനടപടികൾ അവസാനിപ്പിക്കാവുന്നതാണെന്ന് ശുപാർശ ചെയ്തിരുന്നു.

7. സർക്കാർ ഇക്കാര്യം വിജിലൻസ് റിപ്പോർട്ട് ,കുറ്റാരോപണമെമ്മോയിലെ മറുപടി, കൊച്ചി നഗരകാര്യ മേഖലാ ജോയിന്റ് ഡയറക്ടറുടെ അന്വേഷണ റിപ്പോർട്ട്, നഗരകാര്യഡയറക്ടറുടെ ശുപാർശ എന്നിവ പ്രകാരം വിശദമായി പരിശോധിച്ചതിൽ ആരോപണവിഷയത്തിൽ ശ്രീ.ജെ.മധുഗോപാൽ-ന്റെ ഭാഗത്ത് നിന്നും ഔദ്യോഗിക കൃത്യനിർവ്വഹണത്തിൽ മനഃപൂർവ്വമായ വീഴ്ച വന്നതായി കാണുന്നില്ലാ എന്നതിനാൽ ടിയാന്റെ മറുപടി പരിഗണിക്കാവുന്നതാണെന്ന് കാണുകയുണ്ടായി. കൂടാതെ ടിയാൻ 31/05/2021 തീയതിയിൽ സേവനത്തിൽ നിന്നും വിരമിച്ചിട്ടുള്ളതുമാണ്.

8. മേൽ സാഹചര്യത്തിൽ കൊച്ചി കോർപ്പറേഷൻ തേവര മാർക്കറ്റിന് സമീപമുള്ള

ഹെൽത്ത് ഇൻസ്പെക്ടർ ഓഫീസിലെ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ശ്രീ.ജെ.മധു ഗോപാലിനെതിരായി വിജിലൻസ് റിപ്പോർട്ടിന്റെയടിസ്ഥാനത്തിൽ ആരംഭിച്ച അച്ചടക്കനടപടിയിൽ തുടർനടപടികൾ ഒഴിവാക്കി അച്ചടക്കനടപടി തീർപ്പാക്കി ഉത്തരവാകുന്നു

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അനിൽ കുമാർ ജി
അഡീഷണൽ സെക്രട്ടറി

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ശ്രീ.ജെ.മധു ഗോപാൽ., ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ, തേവര ഹെൽത്ത് ഇൻസ്പെക്ടർ ഓഫീസ്, കൊച്ചി നഗരസഭ (നഗരകാര്യ ഡയറക്ടർ മുഖേന)
വിജിലൻസ് വകുപ്പ്
(08.12.2022തീയതിയിലെ VIG-D1/224/2022-VIG നമ്പർ കുറിപ്പ് പ്രകാരം)
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by Sonu Jacob
Date: 09-01-2023 13:30:19
സെക്ഷൻ ഓഫീസർ